**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2078 10.10.2011 - ൽ മറുപടിയ്ക്ക്

<u>അനധികൃത പാരാമെഡിക്കൽ സ്ഥാപനങ്ങൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ പരിശീലന കേന്ദ്ര ങ്ങളും വ്യാപകമാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപന ങ്ങളേയും പരിശീലന കേന്ദ്രങ്ങളേയും സംബന്ധിച്ച് വ്യക്തമായ പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല.എന്നിരുന്നാലും അത്തരം സ്ഥാപനങ്ങൾ/കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നി ല്ലെന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | പാരാമെഡിക്കൽ ബിൽ നിയമ മാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | കേരളാ പാരാ മെഡിക്കൽ കൗൺസിൽ ഓർഡിനൻസ് 2011(2011-ലെ 40-ാംനമ്പർ) എന്ന പേരിൽ 27/04/2011-ൽ പുറപ്പെടുവിച്ച ഓർഡിനൻസിനെ ആധാരമാക്കി കരട് ബില്ലിന് നിയമ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. 27/04/2011-ലെ ഓർഡിനൻസിനെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ കരട് ബില്ല് പരിശോധിച്ച് കൂടുതൽ സമഗ്രമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.ആയത് എത്രയും പെട്ടെന്ന് പൂർത്തിയാക്കി നിയമസഭയിൽ ബില്ല് അവതരിപ്പിച്ച് നിയമമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ